SUNDAY 11.02.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR
Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/02/2024

1. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 2023-24 സാമ്പത്തിക വർഷത്തിൽ ഉദ്യാനവിളക്ക് സഹായം നൽകുന്നു. നഴ്സറികൾ, വിള വിസ്തൃതി വ്യാപനം/ പുതിയ കൃഷിത്തോട്ടം, ഉത്പാദന ചെലവ് കുറഞ്ഞ ദീർഘകാല ഫലവർഗ്ഗങ്ങൾ, സങ്കരയിനം പച്ചക്കറി കൃഷി, പുഷ്പങ്ങൾ, സുഗന്ധവിളകൾ, സുഗന്ധ തൈലവിളകൾ എന്നിവയ്ക്ക് ധനസഹായം നൽകുന്നു. വിശദവിവരങ്ങൾക്ക് കൃഷിഭവനുമായോ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ 0471 2330857 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

2. മൃഗസംരക്ഷണ വകുപ്പ് ഫെബ്രുവരി 15 വരെ സംസ്ഥാന തലത്തിൽ നടത്തുന്ന കിസാൻ ക്രെഡിറ്റ് കാർഡ് ക്യാമ്പയിന്റെ ഭാഗമായി മൃഗസംരക്ഷണ മേഖലയിൽ പശു വളർത്തൽ, ആടു വളർത്തൽ, കോഴി വളർത്തൽ, പന്നി വളർത്തൽ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് കേന്ദ്ര ഗവൺമെന്റിന്റെ കിസാൻ ക്രെഡിറ്റ് കാർഡ് സ്കീമിലൂടെ കുറഞ്ഞ പലിശ നിരക്കിൽ ലോൺ ലഭ്യമാകുന്നതാണ്. താല്പര്യമുള്ള കർഷകർ തൊട്ടടുത്ത മൃഗാശുപത്രിയുമായി ബന്ധപ്പെടേണ്ടതാണ്

3. ക്ഷീരവികസന വകുപ്പിന്റെ 2023-24 വാർഷിക പദ്ധതിയായ സംസ്ഥാന ക്ഷീരകർഷക സംഗമം - പടവ് 2024 ഫെബ്രുവരി മാസം 18, 17 തീയതികളിലായി ഇടുക്കി ജില്ലയിലെ അണക്കരയിൽ വച്ച് നടത്തുന്നു. പ്രസ്തുത പരിപാടിയുടെ ഭാഗമായി 2022-2023 സാമ്പത്തിക വർഷത്തെ പ്രവർത്തന മികവിന്റെ പശ്ചാത്തലത്തിൽ ക്ഷീരകർഷകർക്ക് സംസ്ഥാനം, മേഖല, ജില്ല അടിസ്ഥാനത്തിൽ ജനറൽ, വനിത, SC, ST വിഭാഗത്തിൽ ഉൾപ്പെട്ട ക്ഷീരകർഷകരെ തെരഞ്ഞെടുക്കുന്നതിനുള്ള 'ക്ഷീരസഹകാരി അവാർഡിന് അപേക്ഷകൾ ക്ഷണിക്കുന്നു. 2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തന മികവിന്റെ ഭാഗമായി കേരളത്തിലെ ഏറ്റവും മികച്ച അപ്കോസ് /നോൺ ആപ്കോസ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്ഷീരസംഘങ്ങളെ തെരെഞ്ഞെടുക്കുന്നതിനുള്ള "ഡോ.വർഗ്ഗീസ് കുര്യൻ അവാർഡ് നൽകുന്നതിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. ഇത് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടേണ്ടതാണ്.

4. കൊല്ലം ജില്ലയിലെ ആയൂർ തോട്ടത്തറ ഹാച്ചറി കോംപ്ലെക്സിൽ എല്ലാ ദിവസവും രാവിലെ 10:30 മണി മുതൽ 12 മണി വരെ മുട്ട ഒന്നിന് 7 രൂപ നിരക്കിൽ വിൽപ്പന ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ **0475 2292899**.

**പരിശീലന പരിപാടി**

5. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഫെബ്രുവരി 13 മുതൽ 17 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ **ശാസ്ത്രീയമായ പശു പരിപാലനം** എന്ന വിഷയത്തിൽ അഞ്ച് ദിവസത്തെ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഫെബ്രുവരി 12ന് വൈകിട്ട് 5 മണിക്ക് മുൻപായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ദിനപദ്ധതിയും യാത്രബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 -2440911** എന്ന ഫോൺ നമ്പറിലോ, ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒഷ തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ principaldtctvm@gmail.com എന്നാൽ ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

6. എറണാകുളം ജില്ലയിലെ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഫെബ്രുവരി മാസം 13ന് ശാസ്ത്രീയ **പന്നി വളർത്തൽ,** 20ന് **ഓമന പക്ഷികൾ**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**വിനോദത്തിനും വരുമാനത്തിനും** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ **0484 –2950408** എന്ന നമ്പറിൽ ഓഫീസ് സമയങ്ങളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഫെബ്രുവരി 13,14 തീയതികളിൽ **"ക്ഷീരസംരംഭകത്വം ശാസ്ത്രീയ പശുപരിപാലനത്തിലൂടെ'** എന്ന വിഷയത്തിൽ രണ്ടു ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. 10 പശുക്കളെ വളർത്തുന്നവരോ അതിന് സാഹചര്യമുള്ളവരോ 2024 ഫെബ്രുവരി 13 രാവിലെ 10 മണിക്ക് കോട്ടയം ഈരയിൽക്കടവിലുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ എത്തി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീ - 20/-രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481-2302223 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## മൃഗസംരക്ഷണം നിർദേശം

8. ഉച്ചവെയിലിൽ കന്നുകാലികളെ മേയാൻ വിടുന്നതും മറ്റ് വളർത്തു മൃഗങ്ങളെ വെയിലത്ത് കെട്ടിയിടുന്നതും ഒഴിവാക്കുക. മൃഗങ്ങൾക്കും പക്ഷികൾക്കും ശുദ്ധജല ലഭ്യത ഉറപ്പാക്കുക. കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം